# കേരള സർക്കാർ

സംഗ്രഹം

കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി തെക്ക് വില്ലേജിൽ ഉൾപ്പെടുന്ന പമ്പാവാലി-എയ്ഞ്ചൽവാലി പ്രദേശത്തെ 01.01.1977-ന് മുൻപ് കൈവശമുള്ളതും ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞതുമായ 502 ഹെക്ടർ ഭൂമി, നിലവിൽ കൈവശം വച്ചിരിക്കുന്ന 904 പേർക്ക് പട്ടയം അനുവദിക്കുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ(എ) വകുപ്പ്

സ.ഉ.(എം.എസ്.)നം.502/2015/റവന്യൂ. തീയതി, തിരുവനന്തപുരം, 28.09.2015.

---

പരാമർശം : 1) 27.01.2011-ലെ സ.ഉ(കൈ)നം.50/11/റവന്യൂ

2) 25.07.2015-ലെ സ.ഉ(എം.എസ്)നം.346/15/റവ.

3) 03.08.15, 05.08.15, 19.08.15 തീയതികളിലെ കോട്ടയം ജില്ലാ കളക്ടറുടെ ഇ 6-33495/2000 നമ്പർ കത്ത്.

4) 11.09.2015-ലെ ലാൻഡ് റവന്യൂ കമ്മീഷണറുടെ എൽ.ആർ(ജെ1)/32169/2015 നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം 1, 2 എന്നിവ പ്രകാരം പത്തനംതിട്ട ജില്ലയിലെ റാന്നി താലൂക്കിൽ കൊല്ലമുള്ള വില്ലേജിൽപ്പെട്ട പമ്പാവാലി പ്രദേശത്തെ 2851 കൈവശക്കാർക്ക് കൈവശഭൂമിക്ക് പട്ടയം അനുവദിച്ചുകൊണ്ട് ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു.

2. കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി തെക്ക് വില്ലേജിലെ പമ്പാവാലി പ്രദേശത്ത് ഗ്രോമോർ ഫുഡ് പദ്ധതി പ്രകാരം 502 ഹെക്ടർ ഭൂമി കൃഷി ആവശ്യത്തിനായി വനഭൂമി അന്നത്തെ സർക്കാർ വിട്ടു നൽകിയതാണെന്നും. നിർദ്ദിഷ്ട ഭൂമി വനം വകുപ്പിന്റെ ജണ്ടക്കകത്താണെങ്കിലും 50 വർഷത്തിലധികമായി കൈവശ ഭൂമിയാണെന്നും പെരിയാർ ടൈഗർ റിസർവ്വ് ഭൂമിയല്ലാത്തതും റവന്യൂ വനം വകുപ്പുകളുടെ സംയുക്ത പരിശോധന കഴിഞ്ഞതാണെന്നും കൈവശക്കാർക്ക് പട്ടയം അനുവദിക്കാമെന്നും കോട്ടയം ജില്ലാ കളക്ടർ പരാമർശം 3 പ്രകാരം സമർപ്പിച്ച റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ നിർദ്ദിഷ്ട ഭൂമിയിലെ കൈവശക്കാർക്ക്, പത്തനംതിട്ട ജില്ലയിലെ കൊല്ലമുള്ള വില്ലേജിലെ പമ്പാവാലി പ്രദേശത്തെ കൈവശക്കാർക്ക് പട്ടയം അനുവദിച്ച് റാന്നി തഹസിൽദാരെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് നൽകിയതുപോലെ പട്ടയം അനുവദിക്കുന്നതിന് കോട്ടയം ജില്ലാ കളക്ടറെ ചുമതലപ്പെടുത്താവുന്നതാണെന്ന് പരാമർശം 4 പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ശുപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി തെക്ക് വില്ലേജിൽ ഉൾപ്പെടുന്ന പമ്പാവാലി-എയ്ഞ്ചൽവാലി പ്രദേശത്തെ 01.01.1977-ന് മുൻപ് കൈവശമുള്ളതും ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞതുമായ 502 ഹെക്ടർ ഭൂമി, നിലവിൽ കൈവശം വച്ചിരിക്കുന്ന 904 പേർക്ക്, പത്തനംതിട്ട ജില്ലയിലെ പമ്പാവാലി പ്രദേശത്തെ കൈവശക്കാർക്ക് പട്ടയം നൽകിയതുപോലെ, 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ റൂൾ 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം ഉപയോഗിച്ച്, പട്ടയം അനുവദിക്കുന്നതിന് കോട്ടയം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**ഡോ.വിശ്വാസ് മേത്ത**

**പ്രിൻസിപ്പൽ സെക്രട്ടറി**

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കോട്ടയം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ്.
റവന്യൂ (എൽ/പി) വകുപ്പ്.
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

പകർപ്പ്: (1) റവന്യൂ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.

(2) റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

(3) അഡീഷണൽ സെക്രട്ടറിയുടെ സി.എ.